# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *476 — 24/10/2016 -ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഐ.ബി. സതീഷ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ജീവിതശൈലി കൊണ്ട് രോഗബാധിതരാകുന്നവരുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ; | എ) | ജീവിതശൈലിരോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി. ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലിരോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമശിലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ജീവിതശൈലിരോഗ നിയന്ത്രണത്തിനായി 'വർക്ക് പ്ലേയ്സ് ഇന്റർവെൻഷൻ' പരിപാടി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ജീവിത ശൈലിയിൽ ആരോഗ്യപരമായ മാറ്റം കൊണ്ടുവരുന്നതിനായി LEAP (Life Style Education Awareness Programme) നടപ്പിലാക്കിയിട്ടുണ്ട്. ആഭ്യന്തര വകുപ്പുമായി ചേർന്നുകൊണ്ട് പോലീസുകാരുടെ സ്ക്രീനിംഗ് നടത്തുന്നതിനായി SHAPE (Systematic Health Assessment for Police Personals) നടപ്പിലാക്കുകയും പതിനായിരത്തോളം പോലീസുകാരെ ഇതിനോടകം പരിശോധിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം രോഗങ്ങൾ കുറയ്ക്കുന്നതിനായി ബോധവത്കരണം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | ബി) | വിദ്യാലയങ്ങളിൽ ജീവിതശൈലിരോഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ഭക്ഷണ രീതിയിൽ ആരോഗ്യപരമായ മാറ്റം വരുത്തുന്നതിനും വ്യായാമം, യോഗ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും, മദ്യം, പുകയില എന്നീ ദുഃശീലങ്ങൾ ഒഴിവാക്കുന്നതിനും, സംസ്ഥാന ആരോഗ്യ വകുപ്പ് LEAP (Life Style Education Awareness Programme) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണത്തിന്റെ ഭാഗമായി ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി പോസ്റ്ററുകൾ പതിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്തുവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണങ്ങളെ സംബന്ധിച്ച് ഹ്രസ്വചിത്രം ചെയ്യുന്നിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | രോഗബാധിതർക്ക് യഥാസമയം രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ? | സി) | ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചികിത്സക്കും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സംസ്ഥാന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം). ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നു. ആറായിരത്തോളം വരുന്ന ഈ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രതലം വരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളും സൗജന്യമായി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ